بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 13.11.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അമർ(റ)
## ഹദ്റത്ത്അബൂദുജാന (റ)

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿﴾

തശഹ്ഹുദ്, തഅവ്വുദ്, സൂറഃഫാത്തിഹ എന്നിവ പാരായണം ചെയ്തതിനുശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറയുന്നു:

ഇന്ന് ബദ്‌രീസഹാബാക്കളെ സംബന്ധിച്ചുള്ള അനുസ്മരണമാണ് തുടരുന്നത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അമറിനെ പറ്റിയുള്ള പ്രസ്തുത അനുസ്മരണം തുടരുകയാണ്;

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; ഉഹദ് യുദ്ധം ദിവസം എന്റെ പിതാവിനെ, അദ്ദേഹത്തിന്റെ മയ്യത്ത് വികൃതമാക്കപ്പെട്ട നിലയിൽ തിരുനബി (സ)ന്റെ അടുക്കൽ കൊണ്ടുവന്നു. അതായത് അവയവങ്ങൾ മുറിച്ചുമാറ്റിയിരുന്നു. പ്രത്യേകിച്ചും കാതും മൂക്കും. അദ്ദേഹത്തിന്റെ മയ്യിത്ത് റസൂലുല്ലാഹ്(സ)ന്റെ മുന്നിൽ കൊണ്ടുവന്ന് വെച്ചു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തുനിന്ന് തുണി മാറ്റാൻ തുനിഞ്ഞപ്പോൾ, ജനങ്ങൾ എന്നെ വിലക്കുകയുണ്ടായി. തുടർന്ന് ജനങ്ങൾ ഒരു സ്ത്രീ വാവിട്ടു കരയുന്നത്കേട്ടു. അപ്പോൾ ആരോ പറഞ്ഞു: അത് അബ്ദുല്ലാ ബിൻ അമറിന്റെ മകളാകുന്നു. അവരുടെ പേര് ഹദ്റത്ത് ഫാത്വിമ ബിൻത് അമർ എന്നായിരുന്നു. അത് അബ്ദുല്ലാ ബിൻ അമറിന്റെ സഹോദരി ആണെന്നും പറയപ്പെടുന്നു. ആ സന്ദർഭത്തിൽ തിരുനബി(സ) പറഞ്ഞു: കരയാതിരിക്കൂ, കാരണം മലക്കുകൾ തുടർച്ചയായി തങ്ങളുടെ ചിറകുകൾ വിരിച്ച് അദ്ദേഹത്തിന് തണലേകിക്കൊണ്ടിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഉഹദിലെ ശുഹദാക്കളുടെ ജനാസ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. സ്വഹീഹ് ബുഖാരിയിലുള്ള നിവേദനം, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു; അവരെ കുളിപ്പിക്കുകയോ, അവരുടെ ജനാസ നമസ്കരിക്കുകയോ ചെയ്തില്ല. ബുഖാരിയിലുള്ള മറ്റൊരു നിവേദനത്തിൽ പറയുന്നു; ഉഹദിലെ ശുഹദാക്കളുടെ ജനാസ നമസ്കരിപ്പിച്ചു. ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ പറയുന്നു; തിരുനബി(സ) 8 വർഷങ്ങൾക്ക് ശേഷമാണ്, ഉഹദിലെ ശുഹദാക്കളുടെ ജനാസ നമസ്കരിച്ചത്. സുനൻ ഇബ്നു മാജയിൽ പറയുന്നു; തിരുനബി(സ) പത്ത് പേരുടെ വീതം ജനാസ നമസ്കരിച്ചിരുന്നു. ഹദ്റത്ത് ഹംസയുടെ ജനാസ, തിരുനബി(സ)ന്റെ അടുക്കൽതന്നെ ഉണ്ടായിരുന്നു. മറ്റു ശുഹദാക്കളുടെ ജനാസ കൊണ്ടുപോകുകയും ചെയ്തിരുന്നു. സുനൻ അബൂദാവൂദിൽ പറയുന്നു: അവരെ അവരുടെ രക്തവുമായി, അതായത് പരിക്കുകളോടെതന്നെ മറവടക്കിയിരുന്നു. അവരിൽ ആരുടേയും ജനാസ നമസ്കരിക്കുകയുണ്ടായില്ല. സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു; ജനാസ നമസ്കാരം ആ സമയത്ത് നടത്തിയില്ല. എന്നാൽ പിന്നീട് തിരുനബി(സ) തന്റെ വഫാത്ത് സമീപസ്ഥമായപ്പോൾ ഉഹദിലെ ശുഹദാക്കൾക്ക് പ്രത്യേകമായി ജനാസ നമസ്കരിക്കുകയുണ്ടായി.

ഹദ്റത്ത്ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; ഞാൻ എന്റെ പിതാവിനുവേണ്ടി 6 മാസത്തിനു ശേഷം ഖബർ ഉണ്ടാക്കി. അദ്ദേഹത്തെ അതിൽ ഖബറടക്കി. അപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിന് ഒന്നും സംഭവിച്ചിട്ടില്ലായിരുന്നു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് പറയുന്നു: തിരുനബി(സ) എന്നെ കണ്ടപ്പോൾ പറഞ്ഞു: ജാബിർ നീ വളരെ ദുഃഖിതനായി കാണപ്പെടുന്നുവല്ലോ? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ പിതാവ് ഉഹദ് യുദ്ധത്തിൽ ശഹീദായി കടവും സന്താനങ്ങളെയും ബാക്കിയാക്കിയിട്ടാണ് പോയത്. തിരുനബി(സ) പറഞ്ഞു: അല്ലാഹു നിന്റെ പിതാവുമായി എങ്ങനെയാണ് കൂടിക്കാഴ്ച നടത്തിയതെന്ന് സന്തോഷവാർത്ത ഞാൻ നിനക്ക് പറഞ്ഞുതരട്ടെയോ? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! പറഞ്ഞു തന്നാലും! തിരുനബി(സ) പറഞ്ഞു: അല്ലാഹു ഒരു മറയുടെ പിന്നിൽ നിന്നല്ലാതെ ആരോടും സംസാരിച്ചില്ല. അതായത് മറയുടെ പിന്നിൽ നിന്ന് മാത്രമേ ആരോടും സംസാരിച്ചിരുന്നുള്ളൂ. എന്നാൽ അല്ലാഹു, നിന്റെ പിതാവിനെ ജീവിപ്പിക്കുകയും പിന്നെ അദ്ദേഹത്തോട് മുഖാമുഖം സംസാരിക്കുകയും ചെയ്തു. പറഞ്ഞു: അല്ലയോ എന്റെ ദാസാ! നീ എന്നോട് ചോദിക്കൂ, ഞാൻ നിനക്ക് നൽകാം! അദ്ദേഹം പറഞ്ഞു: എന്റെ നാഥാ! നീ എനിക്ക് വീണ്ടും ജീവിതം തന്നാലും! ഞാൻ നിന്റെ മാർഗത്തിൽ വീണ്ടും വധിക്കപ്പെടുന്നതാണ്.അപ്പോൾ അല്ലാഹു പറഞ്ഞു: ഒരിക്കൽ മരിക്കുന്നവൻ വീണ്ടും ലോകത്തേക്ക് തിരിച്ചയക്കപ്പെടുകയില്ലെന്ന് ഞാൻ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് അല്ലാഹുവിനോട് പറഞ്ഞു: എന്റെ ശേഷക്കാർക്ക് ഈ കാര്യം അറിയിച്ചാലും. ആ സന്ദർഭത്തിൽ അല്ലാഹു,

وَلَا تَحۡسَبَنَّ الَّذِيۡنَ قُتِلُوۡا فِىۡ سَبِيۡلِ اللّٰهِ اَمۡوَاتًا ‌ؕ بَلۡ اَحۡيَآءٌ عِنۡدَ رَبِّهِمۡ يُرۡزَقُوۡنَ ۙ‏ ﴿۱۷۰﴾

അതായത് അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവരെ ഒരിക്കലും മൃതന്മാരാണെന്ന് ധരിക്കരുത്. മറിച്ച് അവർ ജീവനുള്ളവരാകുന്നു. അവർക്ക് അവരുടെ നാഥൻ പക്കൽ നിന്ന് ഭക്ഷണം നൽകപ്പെടുന്നു.(3:170)എന്ന ആയത്ത് ഇറക്കുകയുണ്ടായി.

ഹുസൂർ തിരുമനസ് പറഞ്ഞു: അടുത്തതായി അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് അബൂദുജാന: എന്നാകുന്നു. ഹദ്റത്ത് അബൂദുജാന അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖയായ ബനൂ സാഅദയിൽപെട്ട ആളാകുന്നു. ബദ്ർ, ഉഹദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും ഹദ്റത്ത് അബൂദുജാന, തിരുനബി(സ)ന്റെ കൂടെ ഉണ്ടായിരുന്നു. ഹദ്റത്ത് അബൂദുജാന, അൻസ്വാറുകളിലെ ഉന്നത സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. അദ്ദേഹത്തിന് തിരുനബി(സ)ന്റെ യുദ്ധങ്ങളിൽ പ്രകടമായ സ്ഥാനമുണ്ടായിരുന്നു. യുദ്ധാവസരത്തിൽ, ഹദ്റത്ത് അബൂദുജാന: വളരെ ധൈര്യം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം മികച്ച കുതിരപ്പടയാളി ആയിരുന്നു. അദ്ദേഹത്തിന്റെ പക്കൽ ചുവന്ന നിറത്തിലുള്ള ഒരു ഉറുമാൽ ഉണ്ടായിരുന്നു. അത് അദ്ദേഹം യുദ്ധാവസരങ്ങളിൽ തലയിൽകെട്ടിയിരുന്നു. അദ്ദേഹം ആ ചുവന്ന ഉറുമാൽ തലയിൽ കെട്ടുമ്പോൾ അദ്ദേഹം യുദ്ധത്തിന് തയ്യാറായി എന്ന് ജനങ്ങൾ മനസിലാക്കിയിരുന്നു. ഹദ്റത്ത് അബൂദുജാന ധൈര്യവും സ്ഥൈര്യവുമുള്ള ആളുകളിലാണ് ഗണിക്കപ്പെട്ടിരുന്നത്. മുഹമ്മദ് ബിൻ ഇബ്രാഹിം തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു; ഹദ്റത്ത് അബൂദുജാന യുദ്ധങ്ങളിൽ അദ്ദേഹത്തിന്റെ ചുവന്ന തലപ്പാവ് കാരണം തിരിച്ചറിയപ്പെട്ടിരുന്നു. ബദ്ർ യുദ്ധത്തിലും അത് അദ്ദേഹത്തിന്റെ ശിരസ്സിൽ ഉണ്ടായിരുന്നു. മുഹമ്മദ് ബിൻ ഉമർ പറയുന്നു; ഹദ്റത്ത് അബൂദുജാന ഉഹദ് യുദ്ധത്തിലും (ബദരിലെ) അതെ രീതിയിൽ തന്നെയാണ് പങ്കെടുത്തത്. റസൂലുല്ലാഹ്(സ) നോടൊപ്പം ഉറച്ചു നിൽക്കുകയുണ്ടായി. മരണത്തിന് തയ്യാറാണെന്ന് തിരുനബി(സ)നോട് ബയ്അത്ത്ചെയ്തു. ഉഹദ് യുദ്ധത്തിൽ ഹദ്റത്ത് അബൂദുജാനയും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റും നല്ലപോലെതിരുനബി(സ)ന് വേണ്ടി പ്രതിരോധം തീർക്കുകയുണ്ടായി. ഹദ്റത്ത് അബൂദുജാനക്ക് നല്ലപോലെ പരിക്കേറ്റു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ ശഹീദാകുകയും ചെയ്തു.

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു: തിരുനബി(സ) ഉഹദിന്റെ ദിവസം ഒരു വാൾ പിടിച്ചുകൊണ്ട് പറഞ്ഞു; مَن يَأْخُذُ مِنِّي هَذَا ഇത് ആരാണ് എന്നിൽ നിന്ന് വാങ്ങുക? എല്ലാവരും കൈ നീട്ടി. അവരിൽ ഓരോരുത്തരും ഞാൻ, ഞാൻ എന്ന് പറയുന്നുണ്ടായിരുന്നു. തിരുനബി(സ) വീണ്ടും പറഞ്ഞു: فَمَن يَأْخُذُهُ بِحَقِّهِ ആരാണ് ഇതിന്റെ കടമകൾ യഥാവിധി പൂർത്തിയാക്കുക. ഹദ്റത്ത് അനസ് പറയുന്നു: അപ്പോൾ ജനങ്ങൾ പിന്മാറി. പക്ഷേ, ഹദ്റത്ത് അബൂദുജാന പറഞ്ഞു: ഞാൻ അതിന്റെ ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കാൻ തയ്യാറാണ്. ഹദ്റത്ത് അനസ് പറയുന്നു: അദ്ദേഹം ആ വാൾ ഏറ്റെടുക്കുകയും നിഷേധികളുടെ തല കൊയ്യുകയും ചെയ്തു.

മറ്റൊരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് അബൂദുജാന ചോദിച്ചു; ഇതിന്റെ കടമ എന്താകുന്നു? തിരുനബി(സ) പറഞ്ഞു: ഇതുകൊണ്ട് ഒരു മുസ്‌ലിമിനേയും വധിക്കരുത്. ഇത് ഉണ്ടായിരിക്കെ കാഫരീംകളുമായുള്ള പോരാട്ടത്തിൽ തിരിഞ്ഞോടരുത്. അതായത് ഉറച്ച് നിന്ന് പൊരുതണം. അപ്പോൾ ഹദ്റത്ത് അബൂദുജാന പറഞ്ഞു: ഞാൻ ഈ വാൾ, അതിന്റെ ഉത്തരവാദിത്വത്തോടെ ഏറ്റെടുത്തു കൊള്ളുന്നു. തിരുനബി(സ) ഹദ്റത്ത് അബൂദുജാനക്ക് വാൾ കൊടുത്തപ്പോൾ, അദ്ദേഹം നിഷേധികളുടെ തല കൊയ്തെടുത്തു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി വിവരിക്കുന്നു: ഉഹദ് യുദ്ധത്തിൽ തിരുനബി(സ) ഒരു വാൾ എടുത്തിട്ട് പറഞ്ഞു: ഈ വാൾ, അതിന്റെ കടമ യഥാവിധി നിറവേറ്റാമെന്ന് വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക് ഞാൻ നൽകുന്നതാണ്. നിരവധി ആളുകൾ ആ വാൾ കരസ്ഥമാക്കാൻ എഴുന്നേറ്റെങ്കിലും തിരുനബി(സ) പ്രസ്തുത വാൾ, അബൂദുജാന അൻസ്വാരിക്കാണ് നൽകിയത്. യുദ്ധത്തിൽ ഒരിടത്ത് മക്കക്കാരുടെ കുറച്ച് സൈനികർ അബൂദുജാനയെ ആക്രമിച്ചു. അപ്പോൾ അദ്ദേഹം അവരുമായി ഏറ്റുമുട്ടുകയായിരുന്നു. ഒരു സൈനികൻ വളരെ ആവേശത്തോടെ യുദ്ധത്തിൽ പങ്കെടുക്കുന്നു. അദ്ദേഹം(ഹദ്റത്ത്അബൂദുജാന) തന്റെ വാളെടുത്ത് അയാളുടെ അടുത്തേക്ക് കുതിച്ചു. തുടർന്ന് അയാളെ ഒഴിവാക്കി തിരിച്ചുവന്നു. അതായത് ഹദ്റത്ത് ദുജാന വാളെടുത്തു അയാളിലേക്ക് ഓങ്ങിയെങ്കിലും തിരിച്ചു വന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ആരോ അദ്ദേഹത്തോട് ചോദിച്ചു: നിങ്ങൾ എന്തിനാണ് അയാളെ ഒഴിവാക്കിയത്? അദ്ദേഹം പറഞ്ഞു: ഞാൻ ആ വ്യക്തിയുടെ അടുത്തേക്ക് പോയപ്പോൾ അയാൾ ഒരു വാക്യം പറഞ്ഞു. അതുകേട്ടപ്പോൾ അതായത് അയാൾ ഒരു കാര്യം പറഞ്ഞതിൽ നിന്ന് അത് പുരുഷനല്ലെന്നും സ്ത്രീയാണെന്നും എനിക്ക് ബോധ്യമായി. അത് അയാളുടെ ഒരു സുഹൃത്താണ് പറഞ്ഞുതന്നത്. ഏതായിരുന്നാലും സൈനികരെ പോലെ യുദ്ധം ചെയ്തിരുന്നു. പിന്നെ എന്തിനാണ് താങ്കൾ അവരെ വെറുതെ വിട്ടത്? അബൂദുജാന പറഞ്ഞു: തിരുനബി(സ) തന്ന, വാൾ ഏതെങ്കിലും ദുർബലസ്ത്രീയെ ആക്രമിക്കാൻ വേണ്ടി ഉയർത്തുന്നത് എനിക്ക് ഇഷ്ടമല്ലായിരുന്നു.

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: തിരുനബി(സ) സ്ത്രീകളെ ബഹുമാനിക്കാനും ആദരിക്കാനും എപ്പോഴും ഉപദേശിച്ചിരുന്നു. അതുകാരണം നിഷേധികളുടെ സ്ത്രീകൾ മുസ്‌ലിംകൾക്ക് നഷ്ടം ഉണ്ടാക്കാൻ ധൈര്യപൂർവ്വം ശ്രമിച്ചിരുന്നു. എന്നിട്ടും മുസ്‌ലിംകൾ ഇക്കാര്യങ്ങൾ എല്ലാം സഹിച്ചുകൊണ്ടിരുന്നു.

സയ്ദ് ബിൻ അസ്‌ലം നിവേദനം ചെയ്യുന്നു: ഹദ്റത്ത്

അബൂദുജാന രോഗിയായപ്പോൾ, ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കലെത്തി. അപ്പോൾ അദ്ദേഹത്തിന്റെ മുഖം തിളങ്ങുന്നുണ്ടായിരുന്നു. ആരോ ചോദിച്ചു: താങ്കളുടെ മുഖം എന്തുകൊണ്ടാണ് തിളങ്ങുന്നത്? ഹദ്റത്ത് അബൂദുജാന പറഞ്ഞു: എന്റെ കർമ്മങ്ങളിൽ രണ്ട് കാര്യങ്ങൾ എന്റെ വീക്ഷണത്തിൽ വളരെ ഭാരമേറിയതും ഉറപ്പുള്ളതുമാകുന്നു. ഒന്ന്, ഞാനുമായി ബന്ധമില്ലാത്ത ഒരു കാര്യവും ഞാൻ പറയാറില്ല. രണ്ട്, എന്റെ ഹൃദയം മുസ്‌ലിംങ്ങളെസംബന്ധിച്ച് സംശുദ്ധമാകുന്നു.

ഹദ്റത്ത് അബൂദുജാന യമാമ യുദ്ധത്തിൽ ശഹീദായി.

മുസയ്‌ലിമ കദ്ദാബ്, തിരുനബി(സ)ന്റെ വഫാത്തിന് ശേഷം കള്ളനുബൂവ്വത്ത് വാദവുമായി മദീനയിലേക്ക് സൈനിക നീക്കം നടത്താൻ ആഗ്രഹിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്കർ അയാളെ തുരത്തുന്നതിനു വേണ്ടി ഹിജ്റ 12ൽ ഒരു സൈന്യത്തെ അയക്കുകയുണ്ടായി. ഹദ്റത്ത് അബൂദുജാനയും ഈ സൈന്യത്തിന്റെ ഭാഗമായിരുന്നു. ഹദ്റത്ത് അബൂദുജാന, യമാമ യുദ്ധത്തിൽ ശക്തമായി പൊരുതി, ശഹാദത്ത് പദവികരസ്ഥമാക്കി.

ഹുസൂർ തിരുമനസ്സ് ഖുത്ബയുടെ അവസാനത്തിൽ ഏതാനും ചില മർഹൂമീങ്ങളെ അനുസ്മരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ജനാബ് മഹ്ബൂബ് ഖാൻ സാഹിബ് ബിൻ സയ്യിദ് ജലാൽ സാഹിബ് പിശാവർജില്ലയെ അഹ്മദിയ്യാവിരോധികൾ 2020 നവംബർ 8ന് രാവിലെ 8 മണിക്ക് പിശാവറിലെ ശേഖ് മുഹമ്മദ് എന്ന ഗ്രാമത്തിൽ ഫയറിംഗ് ചെയ്ത് ശഹീദാക്കി. *ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി രാജിഊൻ.* അതുപോലെ പാകിസ്ഥാനിലെ മുബല്ലിഗ് ഫഖർ അഹ്മദ് ഫറഖ് സാഹിബും അദ്ദേഹത്തിന്റെ മകൻ ഇഹ്കിശാം അബ്ദുല്ലാഹ്(വഖ്ഫെ നൗ) രണ്ടുപേരും 2020 നവംബർ ഒന്നിന് വൈകിട്ട് 6:15 മണിക്ക് ഒരു വാഹനാപക ടത്തിൽ മരണപ്പെട്ടു. *ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി രാജിഊൻ*. മിയാൻ അബ്ദുൽ ലത്തീഫ് സാഹിബിന്റെ മകൻ ഡോ.അബ്ദുൽകരീം സാഹിബ് റബ്‌വ, സെപ്റ്റംബർ 14 ന് 92 മത്തെ വയസിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി രാജിഊൻ*. മർഹൂമീംകളുടെ സ്വഭാവമഹിമകൾ വിവരിച്ച ശേഷം, ദുആ ചെയ്തു. അല്ലാഹു മർഹൂമിന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ അനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം അവരുടെ ജനാസ നമസ്കാരം നിർവഹിക്കുന്നതാണെന്ന് വിളംബരം ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 13.11.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516